## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2505 18.06.2014-ൽ മറുപടിക്ക്

## വാട്ടർ അതോറിറ്റിയിലെ പെൻഷൻ കുടിശ്ശിക

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരള വാട്ടർ അതോറിറ്റിയിലെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | കേരള വാട്ടർ അതോറിറ്റിയിലെ പെൻഷൻ ആനുകൂല്യങ്ങൾ, ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് നൽകുവാൻ കാലതാമസമുണ്ടായത്. |
| (ബി) | എത്ര പെൻഷൻകാർക്ക് ആനുകൂല്യങ്ങൾ നൽകുവാനുണ്ട്; ഇതിന് എത്ര രൂപ വേണമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇത് എന്ന് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; | (ബി) | 7444 പെൻഷൻകാർക്ക് ആനുകൂല്യങ്ങൾ നൽകുവാനുണ്ട്. മേയ് 2014 മുതൽ പെൻഷൻ വിതരണം ഏകീകരിച്ചിരിക്കുകയാണ്. ഇതിനെ തുടർന്ന് പെൻഷൻകാർക്ക് നൽകുവാനുള്ള ആനുകൂല്യങ്ങളുടെ കണക്ക് കേരള വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ ഓഫീസുകളിൽ നിന്ന് ശേഖരിച്ച് ക്രോഡീകരിച്ച വരുന്നു. |
| (സി) | കേരള വാട്ടർ അതോറിറ്റി പെൻഷൻകാർക്ക് നൽകുവാനുള്ള ക്ഷാമബത്ത കുടിശ്ശിക എന്ന് കൊടുത്തു തീർക്കും എന്ന് വ്യക്തമാക്കുമോ; ഇതിനു വേണ്ടി വരുന്ന അധികതുക എത്രയെന്ന് വ്യക്തമാക്കുമോ? | (സി) | കേരള വാട്ടർ അതോറിറ്റി പെൻഷൻകാർക്ക് നൽകുവാനുള്ള ക്ഷാമബത്ത കുടിശ്ശിക ഈ സാമ്പത്തിക വർഷത്തിനുള്ളിൽ കൊടുത്തു തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിന് വേണ്ടി വരുന്ന അധിക തുക ഏകദേശം 3.50 കോടി രൂപയാണെന്ന് കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ